# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ : 6750

12.07.2012-ൽ മറുപടിക്ക്.

**ഗെയിൽ - പെട്രോനെറ്റ് പ്രകൃതിവാതകക്കുഴൽ പദ്ധതിയിൽ കേരള സർക്കാരിന്റെ പങ്കാളിത്തം.**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) ഗെയിൽ - പെട്രോനെറ്റ്, കൊച്ചി - ബംഗളൂരു മംഗലാപുരം എൽ.എൻ.ജി. പൈപ്പ് ലൈൻ പദ്ധതിയിൽ കേരള സർക്കാരിന്റെ പങ്കാളിത്തം എന്തെന്ന് വ്യക്തമാക്കാമോ; | (എ) ഈ പദ്ധതിയിൽ കേരള സർക്കാരിന് സാമ്പത്തിക പങ്കാളിത്തം ഇല്ല. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ട അനുമതികളും മറ്റ് അനുബന്ധ സൗകര്യങ്ങളും സർക്കാർ ലഭ്യമാക്കുന്നുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് കേരള സർക്കാരിൽ നിന്നുള്ള എല്ലാ അനുമതികളും നൽകിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ, ഗെയിൽ പൈപ്പ് ലൈൻ വരുന്ന മുറയ്ക്ക് സംസ്ഥാനത്ത് സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ചർ നടപ്പിലാക്കുന്നതിനു വേണ്ടി കെ.എസ്.ഐ.ഡി.സി ഗെയിൽ ഗ്യാസ് ലിമിറ്റഡുമായി ചേർന്ന് സംയുക്ത സംരംഭം രൂപീകരിച്ച് പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയ്ക്ക് വേണ്ട പൈപ്പ് ലൈനുകൾ കേരളത്തിലെ ഏതെല്ലാം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ മേഖലകളിലൂടെയാണ് കടന്നു പോകുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) കൊച്ചിയിൽ നിന്നും ബാംഗ്ലൂരിലേക്കും, മംഗലാപുരത്തേക്കും പോകുന്ന വാതക പൈപ്പ് ലൈൻ എറണാകുളം ജില്ലയിലെ പറവൂർ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, മുകുന്ദപുരം, തൃശ്ശൂർ, ചാവക്കാട്, തലപ്പള്ളി, പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം, പാലക്കാട്, മലപ്പുറം ജില്ലയിലെ തിരൂർ, പെരിന്തൽമണ്ണ, ഏറനാട്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട്, കൊയിലാണ്ടി, വടകര കണ്ണൂർ ജില്ലയിലെ തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ്, കാസർകോട് ജില്ലയിലെ ഹോസ്ദുർഗ്, കാസർകോട് എന്നീ താലൂക്കുകളിൽ കൂടിയാണ് കടന്നുപോകുന്നത്. |

(സി) പ്രസ്തുത പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏത് നിയമപ്രകാരമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര ഗവൺമെന്റിന്റെ 1962-ലെ പെട്രോളിയം ധാതു പൈപ്പ്ലൈൻ ആക്ട് പ്രകാരമാണ് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുന്നത്.

(ഡി) ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന് സംസ്ഥാനത്ത് ഏകദേശം എത്ര ഭൂമി ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ടോ?

(ഡി) 20 മീറ്റർ വീതിയിൽ 510 കി.മീറ്റർ നീളത്തിൽ രൂപകൽപന ചെയ്തിട്ടുള്ള പദ്ധതിക്കായി 1020 ഹെക്ടർ ഭൂമിയുടെ ഉപയോഗാവകാശമാണ് വേണ്ടിവരുന്നത്. Restricted RoU വരുന്ന ഭാഗത്ത് വിസ്തീർണ്ണം കുറയുന്നതാണ്. 80% വയൽ ഭൂമിയിൽ കൂടിയാണ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നത്.

സെക്ഷൻ ഓഫീസർ